7000

# പാർട്ട് – 1

# സ്കൂൾ പ്രവൃത്തിപരിചയ ക്ലബ്ബ്

എല്ലാ എൽ.പി, യു.പി, എച്ച്.എസ്സ്, എച്ച്.എസ്സ്.എസ്സ് / വി.എച്ച്.എസ്സ്.എസ്സ് – സ്കൂളുകളിലും പ്രവൃത്തി പരിചയ ക്ലബ്ബ് ഉണ്ടായിരിക്കേണ്ടതാണ്.

**ലക്ഷ്യങ്ങൾ** :

1. സ്കൂൾ കുട്ടികൾക്ക് അനുയോജ്യമായ എല്ലാതരം പ്രവൃത്തിപരിചയ പരിപാടികളും പ്രോത്സാഹിപ്പിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനും, ജനകീയവൽക്കരിക്കുന്നതിനും വേണ്ടി.
2. പ്രവൃത്തിപരിചയ മേളകൾ, സെമിനാറുകൾ ശില്പശാലകൾ മുതലായവ സംഘടിപ്പിക്കുന്നതിന്.
3. സംസ്ഥാന, ജില്ലാ, സബ്ജില്ലാ വർക്ക് എക്സ്പീരിയൻസ് അസോസിയേഷന്റെയും, വിദ്യാഭ്യാസ അധികാരികളുടെയും നിർദ്ദേശങ്ങൾ നടപ്പിലാക്കുക.
4. കുട്ടികളിൽ തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തുക.

**അംഗത്വം** :

പ്രവൃത്തിപരിചയ അധ്യാപകൻ / ചുമതല വഹിക്കുന്ന അദ്ധ്യാപകൻ നടത്തുന്ന ഒരു അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം അംഗങ്ങളെ തെരഞ്ഞെടുക്കൽ. ക്ലബ്ബിന്റെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടി അംഗസംഖ്യ 100 -ൽ കൂടാൻ പാടില്ല. എൽ.പി തലത്തിൽ ഇത് 30 -ൽ കൂടാൻ പാടില്ല.

**ജനറൽ ബോഡി** :

1. പ്രിൻസിപ്പാൾ / ഹെഡ്മാസ്റ്റർ Exofficio President ആയിരിക്കും.
2. പ്രവൃത്തിപരിചയ അധ്യാപകൻ / ചുമതല വഹിക്കുന്ന അദ്ധ്യാപകൻ.
3. ഒരു പി.റ്റി.എ. പ്രതിനിധി.
4. ക്ലബ്ബിലെ അംഗങ്ങളായ എല്ലാ കുട്ടികളും.
5. സ്റ്റാഫ് കൗൺസിൽ സെക്രട്ടറി.

**പ്രവർത്തനങ്ങൾ** :

1. അതാത് വർഷത്തെ പ്രവർത്തനങ്ങളും , ബജറ്റും ആസൂത്രണം ചെയ്യുക.
2. എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കുക.
3. മുൻ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുക.

**ജനറൽ ബോഡി മീറ്റിംഗ്** :

വർഷത്തിൽ 3 പ്രാവശ്യം ജനറൽബോഡി മീറ്റിംഗ് സംഘടിപ്പിക്കണം. ജൂലയ്, ഒക്ടോബർ, ജനുവരി മാസങ്ങളിലായിരിക്കണം ജനറൽ ബോഡി മീറ്റിംഗ് നടത്തേണ്ടത്.

**കോറം** :

യോഗത്തിൽ കുറഞ്ഞത് 15 പേരെങ്കിലും പങ്കെടുത്തിരിക്കണം. ക്ലബ്ബിന്റെ ഔദ്യോഗിക കാലാവധി അക്കാദമിക് വർഷത്തെ ജൂലായ് മുതൽ മാർച്ച് വരെയായിരിക്കും.

**എക്സിക്യൂട്ടീവ് കമ്മിറ്റി** :

1. പ്രിൻസിപ്പാൾ /ഹെഡ്മാസ്റ്റർ - Ex officio president
2. വൈസ് പ്രസിഡന്റ് - Headmaster / Senior Assistant.
3. കൺവീനർ /ഇൻചാർജ് - പ്രവൃത്തിപരിചയ അധ്യാപകൻ /ചുമതലയുള്ള അദ്ധ്യാപകൻ

4. സെക്രട്ടറി - ക്ലബ്ബ് പ്രതിനിധി (കുട്ടികളുടെ)
5. ഒരു പി.റ്റി.എ പ്രതിനിധി
6. സ്റ്റാഫ് സെക്രട്ടറി
7. പത്തിൽ ഒരു ഭാഗം ക്ലബ്ബ് മെമ്പർമാർ

<u>പ്രവർത്തനങ്ങൾ</u>

1. ക്ലബ്ബിന്റെ പൊതുവായ നോക്കി നടത്തിപ്പ്
2. പ്രവൃത്തിപരിചയ ക്ലബ്ബ് ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പിനുള്ള ഒരുക്കങ്ങൾ ചെയ്യുക.

<u>യോഗവും കോറവും.</u>

ഓരോമാസവും 2 യോഗങ്ങൾ സംഘടിപ്പിക്കാം. ചുരുങ്ങിയത് ഏഴ് പേരെങ്കിലും യോഗത്തിൽ ഉണ്ടായിരിക്കണം.

<u>ഫണ്ട്</u>.

ക്ലബ്ബിൽ അംഗങ്ങളാകുന്ന കുട്ടികളിൽ നിന്ന് 10 രൂപ മെമ്പർഷിപ്പ് ഫീസായി വാങ്ങാവുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പണവും കൂടാതെ ക്ലബ്ബ് നിർമ്മിച്ച ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനവും മറ്റ് സംഭാവനകളും, പ്രസിഡന്റ്, സെക്രട്ടറി,ഖജാൻജി എന്നിവരുടെ സംഭാവനകളും.

<u>കേരള സ്കൂൾ പ്രവൃത്തി പരിചയ ക്ലബ്ബ് അസോസിയേഷൻ അവതാരിക (ഉദ്ദേശ്യ പ്രസ്താവന)</u>

പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും, ഇതിന്റെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനുവേണ്ടിയും താഴെപ്പറയുന്ന നിയമാവലി പാലിക്കപ്പെടണം.

1. **പേര്** : കേരള സ്കൂൾ പ്രവൃത്തിപരിചയ ക്ലബ്ബ് അസോസിയേഷൻ റൂൾസ് എന്ന പേരിൽ ഈ നിയമാവലി അറിയപ്പെടും.

2. പരിധി : കേരളത്തിലെ എല്ലാ ഗവണ്മെന്റ്, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളും ഈ നിയമത്തിന്റെ പരിധിയിൽ വരും.

## <u>പാർട്ട് - 2</u>

## <u>ഉപജില്ലാ പ്രവൃത്തിപരിചയ ക്ലബ്ബ് അസോസിയേഷൻ</u>

3. <u>ഉപജില്ലാ അസോസിയേഷനും അതിന്റെ അധികാര പരിധിയും.</u>

ഓരോ ഉപജില്ലക്കും ഓരോ പ്രവൃത്തിപരിചയ ക്ലബ്ബ് അസോസിയേഷൻ രൂപീകരിക്കണം. അതത് ഉപജില്ലയുടെ പരിധിയിൽ വരുന്ന എൽ.പി,യു.പി, ഹൈസ്കൂൾ,ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആയിരിക്കും അസോസിയേഷന്റെ പരിധിയിൽ വരിക.

4. <u>മുഖ്യ കാര്യാലയം</u> :

അതത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസായിരിക്കും അസോസിയേഷന്റെ ഹെഡ്ക്വാർട്ടേഴ്സ്

5. <u>ലക്ഷ്യങ്ങൾ</u> :

ഉപജില്ലാ പ്രവൃത്തിപരിചയ ക്ലബ്ബ് അസോസിയേഷന്റെ ലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. ഉപ ജില്ലയിലെ സ്കൂളുകളിൽ പ്രവൃത്തിപരിചയ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ.